
മനുഷ്യൻ സാധാരണ ചോദിക്കാറുള്ള ചോദ്യം
എനിക്കെങ്ങനെ സ്വർഗ്ഗത്തിലെത്താം?
സ്വർഗ്ഗത്തിലെത്തുവാനുള്ള മാർഗ്ഗം ബൈബിൾ നിർദ്ദേശിക്കുന്നു.
എനിക്കു പറഞ്ഞുതരുമോ


എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായി ത്തീർന്നു (റോമർ.3:23).
ഇത് അടിസ്ഥാനപരമായി അറിയേണ്ട ഒരു വസ്തുതയാണ് ആരും ഈ യാഥാർത്ഥ്യത്തിൽ നിന്നും ഒഴിവുള്ളവരല്ല.
ലോകത്തിലുള്ള സകലരും പാപികളാണ്.
അതു ശരിയാ…
നീ എത്രമാത്രം കഠിനപ്രയത്നം ചെയ്താലും ദൈവത്തിന്റെ മഹത്വം കാണുവാൻ കഴിയാതെ പാപം നിന്നെ അകറ്റി നിർത്തും.
പാപം
നീ എപ്പോഴും ദൈവതേജസ്സ് നഷ്ടമായ അവസ്ഥയിൽ ആയിരിക്കും.
വിശുദ്ധബൈബിൾ പറയുന്നു. പാപത്തിന്റെ ശമ്പളം മരണമത്രേ (റോമർ.6: 23)
മരണം എന്നു പറഞ്ഞാലെന്താ ?
നിത്യനരകം.
ശരിയാ , മരണം വളരെ ദുഃഖകരവും വേദനയുളവാക്കുന്നതുമാണ്. അതൊരിക്കലും നമുക്ക് സന്തോഷം നൽകുന്നതല്ല.
ശ്രദ്ധിക്കൂ. ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ (റോമർ.6:23).
നിത്യജീവനോ?
അതെ!



കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിന്നും നിങ്ങൾ കാരണമല്ല ദൈവത്തിന്റെ ദാനമത്രേയാകുന്നു (എഫെ. 2:8. 9).
ശ്രദ്ധിക്കുക, നമ്മുടെ പ്രവൃത്തി ഒന്നും നമ്മെ സ്വർഗ്ഗത്തിലെത്തിക്കുന്നില്ല. നമ്മുടെ പ്രവൃത്തികൾ ഒന്നും ദൈവമുമ്പാകെ പ്രസാദമുള്ളതായിത്തീരുന്നില്ല.
എങ്കിൽ രക്ഷപ്രാപിപ്പാൻ ഞാൻ എന്തുചെയ്യണം?
കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും (പ്രവൃ. 16:31).
ഞാൻ യേശുവിൽ വിശ്വസിക്കുന്നുണ്ടല്ലോ.
അതിനു ഞാനൊരു അവിശ്വാസിയൊന്നുമല്ലല്ലോ.
സഹോദരാ ഈ വിശ്വാസം എന്ന് പറയുന്നത് ക്രിസ്തുവിൽ സമ്പൂർണ്ണമായി സമർപ്പിക്കുകയും ഒരു പുതിയ ജീവിതം ആരംഭിക്കുകയുമാണ്.
ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു. പഴയതു കഴിഞ്ഞുപോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു (2 കൊരി,5:17).
ഈ പുതുജീവൻ പ്രാപിക്കുന്നത് ക്രിസ്തുവിൽ പൂർണ്ണമായി വിശ്വസിക്കുന്നതു ഫലമായിട്ടാണ്. താങ്കൾ ഒരു പുതുമനുഷ്യനായി തീരണം.




ബൈബിൾ സംബന്ധമായി കൂടുതൽ പഠിക്കുവാനാഗ്രഹിക്കുന്നവർക്ക് തപാലിലൂടെ പഠിക്കുവാൻ ഞങ്ങൾ സൗകര്യമൊരുക്കുന്നു.

***കൂടുതൽ വിവരങ്ങൾക്ക് എഴുതുക :***


**FELLOWSHIP TRACT LEAGUE**
P.O. BOX 164 • LEBANON, OH 45036
www.fellowshiptractleague.org


© Tract 5641 (Malayalam)
All tracts free as the Lord provides. Not to be sold.